**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2669** **02-08-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര താലൂക്ക്, വില്ലേജ് ആഫീസുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ വിവിധ വില്ലേജ് ആഫീസുകളുടെയും മാവേലിക്കര താലൂക്ക് ആഫീസിന്റെയും നിർമ്മാണത്തിന് റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര, വെട്ടിയാർ, പാലമേൽ എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിനായി 44,00,000/- രൂപ (നാൽപ്പത്തിനാല് ലക്ഷം രൂപ) വീതവും മാവേലിക്കര താലൂക്ക് ഓഫീസിന്റെ നിർമ്മാണത്തിനായി 5,20,00,000/- രൂപയുടേയും (അഞ്ച് കോടി ഇരുപത് ലക്ഷം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൻ പ്രകാരം തെക്കേക്കര, വെട്ടിയാർ, പാലമേൽ എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിനായി സ്റ്റേറ്റ് നിർമ്മിതി കേന്ദ്രവുമായി ജില്ലാ കളക്ടർ കരാർ ഒപ്പ വച്ചിട്ടുള്ളതാണ്. പഴയ കെട്ടിടങ്ങൾ പൊളിച്ച് നിർമ്മിക്കുന്നതിനായി നിലവിലെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മറ്റ് കെട്ടിടങ്ങളിലേയ്ക്ക് മാറ്റിയിട്ടുള്ളതും പഴയ കെട്ടിടം പൊളിക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. മാവേലിക്കര താലൂക്ക് ഓഫീസ് നിർമ്മാണത്തിനായി പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന്റെ എസ്റ്റിമേറ്റ് പ്രകാരമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. നിർമ്മാണ തുക നിർവ്വഹണ ഏജൻസിക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ഉണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര, വെട്ടിയാർ, പാലമേൽ എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിനായി 44,00,000/- രൂപ (നാൽപ്പത്തിനാല് ലക്ഷം രൂപ) വീതവും മാവേലിക്കര താലൂക്ക് ഓഫീസിന്റെ നിർമ്മാണത്തിനായി 5,20,00,000/- രൂപയുടേയും (അഞ്ച് കോടി ഇരുപത് ലക്ഷം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൻ പ്രകാരം തെക്കേക്കര, വെട്ടിയാർ, പാലമേൽ എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിനായി സ്റ്റേറ്റ് നിർമ്മിതി കേന്ദ്രവുമായി |

| | | | |
|---|---|---|---|
| | | | ജില്ലാ കളക്ടർ കരാർ ഒപ്പ വച്ചിട്ടുള്ളതാണ്. പഴയ കെട്ടിടങ്ങൾ പൊളിച്ച നിർമ്മിക്കുന്നതിനായി നിലവിലെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മറ്റ് കെട്ടിടങ്ങളിലേയ്ക്ക് മാറ്റിയിട്ടുള്ളതും പഴയ കെട്ടിടം പൊളിക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. മാവേലിക്കര താലൂക്ക് ഓഫീസ് നിർമ്മാണത്തിനായി പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന്റെ എസ്റ്റിമേറ്റ് പ്രകാരമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. നിർമ്മാണ തുക നിർവ്വഹണ ഏജൻസിക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ